ല്ലി. അതുൽ ഫ്രാൻസിസ് എന്നിവരുടെ നേതൃത്വത്തിലാണ് ഇവിടെ കഴിഞ്ഞ ദിവസ

ന്നെ അസഹിഷ്ണുത പ്രകടിപ്പിച്ചിരുന്നു. കഴിഞ്ഞ ദിവസം നടന്ന തെരഞ്ഞെടുപ്പിൽ വൻ

# തീവ്രവാദം പ്രതിരോധിക്കുന്നതിൽ ലീഗിന്റെ പങ്ക് പ്രധാനം -കെ. വേണു

MALAYALAM NEWS

കോഴിക്കോട്: കേരളത്തിൽ മുസ്‌ലിം തീവ്രവാദത്തെ പ്രതിരോധിക്കുന്നതിൽ മുസ്‌ലിം ലീഗിന്റെ പങ്ക് എടുത്തു പറയേണ്ടതാണെന്ന് മുൻ നക്‌സൽ നേതാവ് കെ. വേണു പറഞ്ഞു.

എം.ഐ തങ്ങൾ രചിച്ച 'ന്യൂനപക്ഷ രാഷ്ട്രീയം ദർശനവും ദൗത്യവും' എന്ന കൃതിയുടെ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമുദായിക രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ തന്നെ വർഗീയമല്ല ലീഗിന്റെ പ്രവർത്തനം. മുസ്‌ലിംകളിലെ ഒരു വിഭാഗം തീവ്രവാദത്തിലേക്ക് തിരിച്ചു വന്നതിനെ ലീഗ് പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ കേരളത്തിലെ സാമൂഹ്യ വ്യവസ്ഥ വല്ലാതെ മാറുമായിരുന്നു. അതേസമയം ഇതര സമുദായങ്ങളെ രണ്ടാം തരക്കാരായി കാണുന്ന സമീപനവും വർഗീയതയാണ്. തങ്ങളുടേത് മാത്രമാണ് ശരിയെന്ന് വിശ്വസിക്കുമ്പോൾ മറ്റുള്ളവർ രണ്ടാംതരമായി തീരും. ഇത് അപകടകരമാണ് -വേണു പറഞ്ഞു.

ജിഹാദ് രാഷ്ട്രീയത്തെ ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രാടിത്തറയിൽ നിന്നുകൊണ്ടെ എതിർത്തു തോൽപ്പിക്കേണ്ടതുണ്ടെന്ന് വേണു പറഞ്ഞു. ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രാടിത്തറയിൽ നിന്നുകൊണ്ടുതന്നെ വേണം തീവ്രവാദത്തെ നേരിടേണ്ടത്. ജിഹാദ് രാഷ്ട്രീയക്കാരെ ഭീരുക്കളോ ദുർബലരോ ആയി കാണരുത്.

കേരളത്തിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും ന്യൂനപക്ഷാവകാശങ്ങൾക്ക് അർഹരല്ലെന്ന വാദത്തെ മുസ്‌ലിം ലീഗ് പോലുള്ള സംഘടനകൾ അംഗീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് അഞ്ച് സാമുദായിക ശക്തിയുണ്ടെന്നാണ് പ്രബലമായി വരുന്ന വിലയിരുത്തൽ. മുസ്‌ലിം, ക്രിസ്ത്യൻ, നായർ, ഈഴവ, ദലിത് വിഭാഗങ്ങളാണിവ. അടുത്ത കാലത്തായി മുസ്‌ലിംകളും നേരത്തെ ക്രിസ്ത്യാനികളും നേടിയ സാമ്പത്തികവും മറ്റുമായ ശക്തിയെ എസ്. എൻ.ഡി.പി പോലെ സംഘടനകൾ വലുതായി കാണുന്നു. ഇതിനെ രാഷ്ട്രീയമായി ഉപയോഗിക്കാൻ ഇതിനിടെ സംസ്ഥാന സർക്കാറും ശ്രമിക്കുകയുണ്ടായി. കേരളത്തിലെ ന്യൂനപക്ഷങ്ങൾ ന്യൂനപക്ഷാവകാശത്തിന് അർഹരല്ലെന്ന് സാമ്രാജ്യത്വ വിരുദ്ധ സ്ഥാപനങ്ങളുടെ കേസിൽ കോടതിയെ സർക്കാർ അറിയിച്ചിരുന്നു.

കെ.വേണുവിന് കോപ്പി നൽകി പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളാണ് പുസ്തകം പ്രകാശനം ചെയ്തത്. പി.കെ.കുഞ്ഞാലിക്കുട്ടി മുഖ്യ പ്രഭാഷണം നടത്തി. തീവ്രവാദ വിരുദ്ധ നിലപാട് കൊട്ടക്കണക്കിന് യോഗത്തിൽ മുഴച്ചുനിന്നതല്ലെന്ന് കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുസ്‌ലിം ലീഗ് കൈകാര്യം ചെയ്യുന്ന ന്യൂനപക്ഷ രാഷ്ട്രീയത്തിന് താത്വികമായ അടിത്തറയുണ്ട്. കമ്യൂണിസത്തെ പാർട്ടി എതിർത്തു പോന്നത് മതവിശ്വാസത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി തന്നെയാണ്. തീവ്രവാദത്തെ എതിർക്കുന്നതിനും താത്വികാടിത്തറയുണ്ട്.

മുസ്‌ലിം ലീഗ് ഒരു പൊതുവേദിയാണ്. അതിൽ തീവ്രവാദത്തിന് സ്ഥാനമില്ല. സമാന മനസ്കരാണ് ഇവിടെ കൂടിച്ചേരുന്നത്. ജനാധിപത്യ മതേതര വിരുദ്ധമായ ആശയഗതികൾ കേരള മുസ്‌ലിംകൾക്കിടയിൽ ഏശാതെ നോക്കുന്നത് ലീഗിന്റെ താത്വികാടിത്തറയിൽ തന്നെയാണെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. കെ. അബൂബക്കർ, എം.ഐ. തങ്ങൾ പ്രസംഗിച്ചു.

